# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 324 — 29.06.2016 - ൽ മറുപടിയ്ക്ക്

### കയർ മേഖലയിലെ പ്രതിസന്ധി

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | ഉത്തരം<br>ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | എ)കയർ മേഖലയ്ക്ക് വകയിരുത്തിയ തുകയിൽ ഗണ്യമായ പങ്ക് വിനിയോഗിക്കാത്ത സ്ഥിതിയാണ് മുൻ സർക്കാരിന്റെ കാലത്ത് നിലനിന്നത്.<br>2013- - 14 പദ്ധതി അടങ്കലിന്റെ 61.36% ഉം 2014- - 15 ൽ 52.78 ശതമാനവും 2015- - 16 ൽ 58.40 ശതമാനവും മാത്രമാണ് ചെലവഴിച്ചത്. ആയതിനാൽ മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതികൾ മന്ദഗതിയിലായി. ഈ സ്ഥിതിവിശേഷത്തിന് പരിഹാരം കാണുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത് .<br><br><u>കയർ മേഖലയിലെ ഈ സർക്കാരിന്റെ സമീപനം ഇപ്രകാരമായിരിക്കും.</u><br>i) പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലും അടിസ്ഥാന വേതനവും ഉറപ്പാക്കും. ഉൽപ്പാദിപ്പിക്കപ്പെടുന്ന കയറും കയറുല്പന്നങ്ങളും പൂർണ്ണമായും കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവ വഴി സമാഹരിക്കും, നിശ്ചയിക്കപ്പെടുന്ന ക്രയവില നൽകിയാവും ഇവ സംഭരിക്കുക. ഇങ്ങനെ സംഭരിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ കയർ കോർപ്പറേഷനും , കയർഫെഡിനും വരുന്ന നഷ്ടം സർക്കാർ നികത്തും.<br><br>ii) ഇതിനായി കയർ മേഖലയുടെ വിഹിതം ഗണ്യമായി ഉയർത്തും.<br>iii) പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുന്നതോടൊപ്പം കയർ വ്യവസായത്തിന്റെ സത്വര ആധുനികവത്ക്കരണത്തിന് നടപടി |

| | |
|---|---|
| | സ്വീകരിക്കും.<br>iv) ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ